(സി) ഇല്ല. നല്ലയിനം അരി തന്നെയാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്. എ.പി.എൽ. വിഭാഗത്തിന് വിതരണം ചെയ്യുന്ന അരിയുടെ ചെലവിൽ മാത്രമാണ് കുറവു വന്നിട്ടുള്ളത്. എ.പി.എൽ. അരിക്ക് കേന്ദ്രം അനുവദിക്കുന്ന സബ്സിഡിയുടെ നിരക്ക് ഗണ്യമായി കുറയുകയും വില 8.90 രൂപയായി നിജപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വില കൂടുതൽ, കാർഡുടമകൾ ആഗ്രഹിക്കുന്ന ഗുണനിലവാരമുള്ള അരിയുടെ അഭാവം എന്നിവയാണ് എ. പി. എൽ. അരിയുടെ ചെലവ് കുറയാനുള്ള കാരണം.

(ഡി) അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ കാർഡുടമകൾക്കായി പ്രതിമാസം 16322000 കിലോഗ്രാം അരി വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതിയിൽ 466300 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ന്യായവില ഷോപ്പുകൾ

51 [2668] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ന്യായവില ഷോപ്പുകൾ ഉണ്ടായിരുന്നു;

(ബി) ഇപ്പോൾ എത്രയെണ്ണം നിലവിലുണ്ട്;

(സി) എത്രയെണ്ണം അടച്ചുപൂട്ടിയിട്ടുണ്ട്; ഇങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) ന്യായവില ഷോപ്പുകൾ സംരക്ഷിച്ച് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 14164 ന്യായവില ഷോപ്പുകൾ ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ 14146 ന്യായവിലഷോപ്പുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 123 ന്യായവിലഷോപ്പുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. റേഷൻ കടകളുടെ നടത്തിപ്പ് ലാഭകരമല്ലാത്തതിനാലും കാർഡുകളുടെ എണ്ണം തീരെ കുറവായതിനാലും ലൈസൻസികൾ സ്വയം പിൻമാറിയതിനാൽ ന്യായവില ഷോപ്പുകൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ ഗുരുതരമായ ക്രമക്കേടുകളുടെ പേരിൽ ലൈസൻസ് ക്യാൻസൽ ചെയ്തതിനെ തുടർന്ന് മറ്റ് കടകളോട് കൂട്ടിച്ചേർക്കേണ്ടിയും വന്നിട്ടുണ്ട്.

(ഡി) ന്യായവില ഷോപ്പുകൾ സംരക്ഷിച്ച് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. റേഷൻ ക്ഷേമനിധിയിൽ അംഗമായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയിൽ നിന്നും 500 രൂപയാക്കി 2003 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി.

2. അരിയുടെ ഗുണനിലവാരം ഉറപ്പാക്കി ബി.പി.എൽ. അരിയുടെ വിതരണം നൂറു ശതമാനമാക്കി.

3. എഫ്. സി. ഐ.-യുമായി നിരന്തരം ബന്ധം പുലർത്തിയും ജാഗ്രത പാലിച്ചും എല്ലായ്പോഴും ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തി.

4. എ. പി. എൽ. കാർഡുടമകൾക്കു കൂടി ബി. പി. എൽ. നിരക്കിൽ 1-1-2004 മുതൽ ഗോതമ്പ് ലഭ്യമാക്കി.

5. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന റേഷൻ കാർഡുകൾ കംപ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി.

6. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കി.

7. റേഷൻ കടകളെ സപ്ലൈകോ ശബരി സ്റ്റോഴ്സ് ആയി തെരഞ്ഞെടുത്ത് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിക്കുകയും ആദ്യഘട്ടമായി 1500 റേഷൻ കടകളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly